ആദിവാസി കുടുംബങ്ങൾക്ക് വസ്തുവും വീടും

200 (4784) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികംഹ്രാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ആദിവാസി കുടുംബങ്ങൾക്ക് സ്വന്തമായി വസ്തുവും വീടും നൽകിയിട്ടുണ്ട് ;

(ബി) വീട് വയ്ക്കുന്നതിന് എന്തെല്ലാം ധനസഹായമാണ് അനുവദിച്ചിട്ടുള്ളതെന്നും എത്ര ഭൂമിയാണ് അനുവദിച്ചതെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ പറയുന്ന വിവിധ പദ്ധതികളിലൂടെ 26015 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു :

1. ആശിക്കും ഭൂമി ആദിവാസിക്ക സ്വന്തം പദ്ധതി പ്രകാരം നാളിയുവരെ 469 പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്.
2. ടി.ആർ.ഡി.എം മുഖേന 777 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്.
3. വനാവകാശ നിയമ പ്രകാരം 24621 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്.
4. കെ.എസ്.റ്റി ആക്ട് പ്രകാരം 148 കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച് നൽകിയ 35443 ഭവനങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരമുള്ള പദ്ധതികളിലൂടെ വീട് വയ്ക്കുന്നതിന് 1-4-2015-വരെ 2.50 ലക്ഷം രൂപ നിരക്കിലും ടി തീയതി മുതലുള്ളവയ്ക്ക് 3.50 ലക്ഷം രൂപ നിരക്കിലും ധനസഹായം നൽകി വരുന്നു.

അനുവദിച്ച ഭൂമിയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ആശിക്കും ഭൂമി ആദിവാസിക്ക സ്വന്തം പദ്ധതി	-	165.786 ഏക്കർ
ടി.ആർ.ഡി.എം.മുഖാന്തരം	-	730.520 ഏക്കർ
വനാവകാശം പ്രകാരം	-	33070.000 ഏക്കർ
കെ.എസ്.റ്റി പ്രകാരം	-	194.730 ഏക്കർ
ആകെ		34161.036 ഏക്കർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly